എ2 - 449/15

പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ
എൻ.എച്ച്-2,ആലുവ കാര്യാലയം- 23.10. 2018
ഇ.മെയിൽ- specialtahsildarlanh2@gmail.com

ചെട്ടിക്കാട്-കുഞ്ഞിത്തൈ,കോട്ടുവള്ളിക്കാട്-വാവക്കാട് പാലങ്ങൾക്കും അപ്രോച്ച് റോഡിനും വേണ്ടി പറവൂർ താലൂക്ക് വടക്കേക്കര,മൂത്തകുന്നം വില്ലേജുകളിലായി പൊന്നുംവില നടപടിയിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയുടെ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്

വടക്കേക്കര ഗ്രാമപഞ്ചായത്തിലെ ചെട്ടിക്കാട്-കുഞ്ഞിത്തൈ, കോട്ടുവള്ളിക്കാട്- വാവക്കാട് പാലങ്ങൾക്കും അപ്രോച്ച് റോഡിനും വേണ്ടി പറവൂർ താലൂക്കിലെ വടക്കേക്കര വില്ലേജിലെ സർവ്വെ 99/2എ(പാർട്ട്), 99/3എ(പാർട്ട്), 99/3ബി(പാർട്ട്), 99/6(പാർട്ട്) നമ്പറുകളിലായി 4.42 ആർ ഭൂമിയും മൂത്തകുന്നം വില്ലേജിലെ സർവ്വെ 95/14, 96/1(പാർട്ട്), 110/12, 110/13 നമ്പറുകളിലായി 5.19 ആർ ഭൂമിയും 2013ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമ പ്രകാരം ഏറ്റെടുക്കുന്നതിനായി വടക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 13.04.15ന് അർത്ഥനയും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതും ആയത് ന്യൂനതകൾ പരിഹരിച്ച് 18.05.17ന് പുതുക്കി സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. എറണാകുളം ജില്ലാ കളക്ടറുടെ 25.5.15ലെ സി3-26005/15 നം. നടപടിക്രമ പ്രകാരം ആലുവ പൊന്നുംവില എൻ.എച്ച് നം.2 സ്പെഷ്യൽ തഹസിൽദാരെ പൊന്നുംവില നടപടികൾക്കുള്ള പൊന്നുംവില ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്.

തുടർന്ന് ജില്ലാ കളക്ടർ 16.11.17ലെ സി3-26005/15 നം. നടപടിക്രമ പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള പഠന യൂണിറ്റായി രാജഗിരി ഔട്ട്റീച്ച് സൊസൈറ്റിയെ നിയമിച്ചുത്തരവായിട്ടുള്ളതും ആയത് സംബന്ധിച്ച് 2013ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ വകുപ്പ് 4(1)-ൽ അനുശാസിക്കുന്ന വിജ്ഞാപനം 07.02.18ന് ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും 17.04.18ലെ 16-ാം നം. കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത വിജ്ഞാപനം 27.02.18ന് ഫോർട്ട് കൊച്ചി റവന്യൂ ഡിവിഷനൽ ഓഫീസറുടെ കാര്യാലയത്തിലും, 03.03.18ന് പറവൂർ താലൂക്ക് ഓഫീസിലും അന്നേ ദിവസം തന്നെ വടക്കേക്കര ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലും, 07.03.18ന് നിർദ്ദിഷ്ട ഏറ്റെടുക്കൽ സ്ഥലത്തും, 08.03.18ന് പൊന്നുംവില ഓഫീസറുടെ കാര്യാലയത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, പഠന യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് സൊസൈറ്റി,സാമൂഹിക ആഘാതം വിലയിരുത്തി കൊണ്ട്, ഫീൽഡ് പരിശോധന അടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കരട് റിപ്പോർട്ട് 19.06.18നും അന്തിമ റിപ്പോർട്ട് 31.07.18നും സമർപ്പിക്കുകയും ചെയ്തു. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൽ വടക്കേക്കര , മൂത്തകുന്നം വില്ലേജുകളിലായി 11 കുടുംബങ്ങൾ ഉൾപ്പെടുന്നതായും പ്രസ്തുത ഭൂമി ഏറ്റെടുക്കൽ വഴി പദ്ധതി ബാധിത കുടുംബങ്ങളുടെ ഫലദായകങ്ങളായ വിളകൾ കൃഷി ചെയ്യുന്ന കൃഷി ഭൂമി നഷ്ടപ്പെടുന്നുണ്ട് എന്നതാണ് പദ്ധതിയുടെ പ്രത്യാഘാതമായി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. കൂടാതെ പദ്ധതി ബാധിത പ്രദേശത്ത് ഒരു കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണത്തിലിരിക്കുന്ന രണ്ട് നില കെട്ടിടം ഉള്ളതായും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. 2013ലെ '' ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമ''പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നത് വഴി ഏറ്റെടുക്കൽ മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ലഘൂകരിക്കുവാൻ സാധിക്കുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു. കൂടാതെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ വഴി ഒരു കുടുംബവും കുടിയൊഴിപ്പിക്കപ്പെടുന്നില്ലാ എന്നതിനാൽ പുനരധിവാസത്തിന്റെയോ പുനസ്ഥാപനത്തിന്റെയോ ആവശ്യം വരുന്നില്ലായെന്നും പദ്ധതിയുടെ ഗുണങ്ങളും പദ്ധതിക്കുള്ള ചെലവും കണക്കാക്കുമ്പോൾ പദ്ധതി ഗുണകരമാണെന്നും ആയതിനാൽ തന്നെ പദ്ധതി നടപ്പിലാക്കേണ്ടതാണെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു.

സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനായി 2013ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമത്തിലെ വകുപ്പ് 7 പ്രകാരം വിദഗ്ദ്ധ സമിതിയെ രൂപീകരിച്ച് 14.08.18ലെ സി3-26005/15 നം. നടപടിക്രമ പ്രകാരം ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും പ്രസ്തുത വിദഗ്ദ്ധ സമിതി 12.10.18-ാം തീയതി വൈകീട്ട് 4.00 മണിക്ക് യോഗം ചേർന്നു മേൽ പറഞ്ഞ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുന്നതിന് ഐകകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും ടി തീരുമാനം യോഗത്തിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും സാധൂകരണത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു.

വിദഗ്ദ്ധ സമിതി ചെയർമാൻ &
പൊന്നുംവില സ്പെഷ്യൽ തഹസിൽദാർ
എൻ.എച്ച്-2, ആലുവ